# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice


Dated : 30/12/2019

## പത്രക്കുറിപ്പ്

# അപകട രഹിത അക്രമ രഹിത പുതുവൽസര ആഘോഷത്തിന് സുരക്ഷയുമായി കൊല്ലം സിറ്റി പോലീസ്

പുതുവൽസര ആഘോഷങ്ങൾ ലഹരിയിൽ മുങ്ങാതിരിക്കാനും റോഡുകളിൽ ചോരവീഴാതെ അപകടരഹിതമാക്കുവാനും കൊല്ലം സിറ്റി പോലീസ് രംഗത്ത്. അപകട രഹിത അക്രമ രഹിത പുതുവർഷം എന്ന ലക്ഷ്യത്തിനായി ജില്ലയിലെ മുഴുവൻ പോലീസുദ്യോഗസ്ഥരേയും, സായുധ പോലീസിനേയും ഏകോപിപ്പിച്ച് ജില്ലാ പോലീസ് മേധാവി ശ്രീ. പി.കെ.മധു ഐപിഎസ്സിന്റെ നേതൃത്വത്തിൽ കുറ്റമറ്റ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലയിലെ അതിർത്തികൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ വ്യാപനം തടയുന്നതിലേക്കായി പ്രത്യേക പോലീസ് സംഘം നിരന്തര പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കും. ജില്ലയിലെ റോഡുകൾ കേന്ദ്രീകരിച്ച് മദ്യപിച്ച് വാഹനം ഓടിക്കുക, അപകടകരമായി വാഹനം ഓടിക്കുക, തിരക്കുള്ള സ്ഥലങ്ങളിൽ ഗതാഗത തടസമുണ്ടാക്കുന്ന തരത്തിൽ വാഹന പാർക്കിംഗ് നടത്തുക, തുടങ്ങിയ ഗതാഗത നിയമലംഘനം നടത്തുന്നവർക്കെതിരെ മോട്ടോർവാഹന വകുപ്പുമായി ചേർന്ന് ലൈസൻസ് റദ്ദാക്കലടക്കമുള്ള കർശന നടപടികൾ കൈക്കൊള്ളുന്നതാണ്. ദേശീയ പാതകളിൽ അഞ്ചു കിലോമീറ്റർ ഇടവേളകളിൽ വിന്യസിച്ചിരിക്കുന്ന ജില്ലാ പോലീസ് മേധാവിയുടെ പ്രത്യേക പട്രോളിംഗ് സംഘങ്ങൾ, ഒരോ പോലീസ് സ്റ്റേഷനും കേന്ദ്രീകരിച്ചുള്ള നാല് അധിക പട്രോളിംഗ് സംഘങ്ങൾ, കൺട്രോൾ റൂം വാഹനങ്ങൾ എന്നിവ ഉപയോഗിച്ച് പുതുവൽസര തലേന്ന് മുതൽ കർശന വാഹന പരിശോധന ഉണ്ടായിരിക്കുന്നതും അലക്ഷ്യമായും അമിത വേഗതയിലും ഓടിക്കുന്ന വാഹനങ്ങൾ അപകട സാധ്യത കണക്കിലെടുത്ത് പിടിച്ചെടുക്കുന്നതുമാണ്. പൊതു സ്ഥലങ്ങളിൽ മദ്യപിച്ച് ക്രമരഹിതമായി പെരുമാറുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്. രാത്രികാലങ്ങളിലും പകൽ സമയത്തും, പ്രധാന റോഡുകൾ, ബീച്ചുകൾ, ഷോപ്പിംഗ് മാളുകൾ, സിനിമാ തീയേറ്ററുകൾ, ബസ്സ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് പോലീസിന്റെയും നിഴൽ പോലീസിന്റെയും ശക്തമായ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. വനിതാ പോലീസ്, പിങ്ക് ബീറ്റ് എന്നിവയുടെ മഫ്തിയിലും അല്ലാതെയുമുള്ള പ്രത്യേക പട്രോളിംഗ് സംഘങ്ങളേയും സജ്ജമാക്കിയിട്ടുണ്ട്. നഗരത്തിലും ദേശീയ സംസ്ഥാന പാതകളിലും മറ്റു പ്രധാന റോഡുകളിലും ഒരു കിലോമീറ്ററിൽ ഒരു പോലീസ് വാഹനം എന്ന

തരത്തിൽ ക്രമീകരിച്ചിട്ടുണ്ട്. ജില്ലയിലെ പ്രധാന സ്ഥലങ്ങളിൽ ക്രമസമാധാന പാലനത്തിലും ഗതാഗത നിയന്ത്രണത്തിനും സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ച് ജില്ലാ പോലീസ് കൺട്രോൾ റൂമുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതിനായി ദേശീയ സംസ്ഥാന പാതകളിലും നഗര ഹൃദയത്തിലും സ്ഥിരമായി സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ കൂടാതെ തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ കൂടുതൽ ക്യാമറകൾ നിരീക്ഷണത്തിനായി സ്ഥാപിച്ച് കഴിഞ്ഞു. സ്റ്റേഷനതിർത്തികളിലെ ആഘോഷ പരിപാടികളിൽ ഓരോന്നിലും പോലീസിന്റെ സജീവ ശ്രദ്ധയുണ്ടായിരിക്കുന്നതുമാണ്. ആഘോഷങ്ങൾ അതിരുവിട്ട് പൊതുസമാധാന ലംഘനം ഉണ്ടാക്കുന്ന പക്ഷം ഉത്തരവാദികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.മദ്യപിച്ച് വാഹനം ഓടിക്കുന്നതുൾപ്പെടെ നിയമലംഘനത്തിന് പിടിക്കപ്പെടുന്ന വാഹനങ്ങൾ കോടതിക്ക് കൈമാറുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ നിഴൽ പോലീസിന്റെ കൂടുതൽ സംഘങ്ങളെ വിവിധ സ്ഥലങ്ങളിലായി വിന്യസിച്ച് നിരീക്ഷണം നടത്തും. പൊതുജനങ്ങൾക്ക് ക്രമസമാധാന-ഗതാഗത ലംഘനങ്ങളെയും ലഹരി ഉപയോഗത്തെ കുറിച്ചുമുള്ള വിവരങ്ങൾ 1090, 112, 0474-2764422 എന്നീ നമ്പരുകളിൽ അറിയിക്കാവുന്നതാണ്. സമാധാനപൂർണ്ണമായ ഒരു ആഘോഷ പര്യവസാനത്തിന് വേണ്ടി പോലീസ് ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങളിൽ പൊതുജനങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നതായും ജില്ലാ പോലീസ് മേധാവി ശ്രീ. പി കെ മധു ഐപിഎസ് അറിയിച്ചു.

30.12.2019

Sd/-

ജില്ലാ പോലീസ് മേധാവി,
കൊല്ലം സിറ്റി